പതിമൂന്നാം കേരള നിയമ സഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം
നമ്പർ 1277

20.03.2012-ൽ
മറുപടിയ്ക്ക്

## പട്ടികജാതി വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്

ചോദ്യം

ശ്രീ മോൻസ് ജോസഫ്

മറുപടി

ശ്രീ എ.പി. അനിൽകുമാർ
ബഹു. പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | എസ്.സി. വിഭാഗത്തിൽപ്പെട്ട ഐ.റ്റി.ഐ . വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങളിലെ സ്റ്റൈപ്പന്റ് 01.06.2012 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധം 11.01.2012-ലെ 6/2012/പജപവവിവ സർക്കാർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇപ്പോൾ നൽകിവരുന്ന സ്റ്റൈപ്പന്റ് തുക സർക്കാർ ഏത് വർഷം മുതലാണ് നൽകി വരുന്നത്;<br><br>ഇതിന് കേന്ദ്ര ഗവൺമെന്റ് സഹായം ലഭ്യമായിട്ടുണ്ടോ;<br><br>ഈ ഫണ്ട് ലഭ്യമായിട്ടുണ്ടെങ്കിൽ ഏതെല്ലാം ഐ.റ്റി.ഐ. കൾക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | 01.04.2008 മുതൽ പ്രാബല്യത്തിലുള്ള നിരക്ക് 01.02.2008-ലെ 20/2008/ പജപവവിവ സർക്കാർ ഉത്തരവ് പ്രകാരമാണ് നിലവിൽ വന്നിട്ടുള്ളത്.<br><br>ഇല്ല.<br><br>ബാധകമല്ല. |

| | | | |
|---|---|---|---|
| (സി) | കോട്ടയം ജില്ലയിലെ യംഗ് ഇന്ത്യ ഐ.റ്റി.ഐ. യിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുള്ള 6339/എ 1/2011/എസ്.സി /എസ്.റ്റി ഫയലിൽ മേൽനടപടികൾ സ്വീകരിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടോ; | (സി) | ട്രെയിനിംഗ് ഗ്രാന്റ് വർദ്ധിപ്പിക്കണമെന്നതാണ് കോട്ടയം ജില്ലയിലെ യംഗ് ഇന്ത്യ ഐ.റ്റി.ഐ. യിൽ നിന്നും ലഭിച്ച മെമ്മോറാണ്ടത്തിലെ ആവശ്യം. സംസ്ഥാനത്തെ സർക്കാർ ITI -കളിലെ പരിശീലനാർത്ഥികൾക്ക് ആവശ്യമായ ഉപകരണങ്ങളും മറ്റും വാങ്ങുന്നതിന് കേന്ദ്രസർക്കാർ, സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന ധനസഹായമാണ് ട്രെയിനിംഗ് ഗ്രാന്റ്. സ്വകാര്യ ഐ.ടി.ഐ കളിലെ പരിശീലനാർത്ഥികൾക്ക് ട്രെയിനിംഗ് ഗ്രാന്റ് അനുവദിച്ചിട്ടില്ലാത്തതിനാൽ മെമ്മോറാണ്ടത്തിലെ ട്രെയിനിംഗ് ഗ്രാന്റ് അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കുവാൻ കഴിയുന്നതല്ല. |
| (ഡി) | ഇത് സംബന്ധിച്ച് എംപ്ളോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡയറക്ടറേറ്റിലേക്ക് നൽകിയിട്ടുള്ള സി2/6846/2009 നമ്പർ ഫയലിൽ എന്തു നടപടി സ്വീകരിച്ചു; ഇതിന്മേലുള്ള നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഡി) | ട്രെയിനിംഗ് ഡയറക്ടർക്ക് പട്ടികജാതി വികസന ഡയറക്ടറേറ്റിൽ നിന്നും അയച്ച 11.01.2012-ലെ എഡ്യു.സി2/6846/09 നമ്പർ കത്തിന് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും 03.03.2012-ൽ സി2-33710/10 നമ്പരായി ലഭിച്ച മറുപടിയിൽ സ്വകാര്യ ഐ.റ്റി.ഐ.കളിലെ പരിശീലനാർത്ഥികൾക്ക് ട്രെയിനിംഗ് ഗ്രാന്റ് അനുവദിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.